# ജനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷാഫാറം തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ

1. ഒരു കുട്ടിയെ സ്ക്കൂളിൽ ചേർത്തുകഴിഞ്ഞാൽ സ്ക്കൂൾ റിക്കോർഡുകളിലോ സർട്ടിഫിക്കറ്റുകളിലോ ജനനതീയതി തിരുത്തുവാനുള്ള അധികാരം പരീക്ഷ കമ്മീഷണർക്ക് മാത്രമാണുള്ളത്. ഹെഡ്മാസ്റ്റർക്കോ, ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കോ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കോ ജനനതീയതി തിരുത്തൽ ഉത്തരവ് നൽകാനുള്ള അധികാരമില്ല.

2. ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ കുട്ടി സ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പഠിക്കുന്ന സ്ക്കൂളിലെ ഹെഡ്മാസ്റ്റർ മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് അയച്ച് ഉത്തരവ് വാങ്ങേണ്ടതാണ്. എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ ആളാണെങ്കിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്ക്കൂളിലെ ഹെഡ്മാസ്റ്റർ മുഖാന്തിരമാണ് അപേക്ഷ അയയ്ക്കേണ്ടത്.

3. എസ്്.എസ്.എൽ.സി പരീക്ഷ പാസ്സായി 15 വർഷം കഴിഞ്ഞെങ്കിലോ, സ്ക്കൂൾ വിട്ടതിനുശേഷം 15 വർഷം കഴിഞ്ഞെങ്കിലോ (എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക്) അപേക്ഷ സമർപ്പിക്കാൻ വന്ന കാലതാമസം ഒഴിവാക്കാൻ സർക്കാരിന്റെ പ്രത്യേക ഉത്തരവ് ലഭിക്കണം. ഇതിനായി **പൊതു വിദ്യാഭ്യാസ സെക്രട്ടറി ഗവൺമെന്റ് സെക്രട്ടറിയറ്റ് (അനക്സ്), തിരുവനന്തപുരം** എന്ന മേൽവിലാസത്തിൽ എസ്.എസ്.എൽ.സി യുടെയും ജനനസർട്ടിഫിക്കറ്റിന്റെയും പകർപ്പ് സഹിതം അപേക്ഷ നൽകണം.

4. പരീക്ഷഭവനിൽ നിന്നും ലഭിച്ച നിശ്ചിത ഫാറത്തിലായിരിക്കണം ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

(എ) സ്ക്കൂളിൽ പഠിക്കുന്ന കുട്ടിയുടെ ജനനത്തീയതിയാണ് തിരുത്തേണ്ടതെങ്കിൽ രക്ഷാകർത്താവ് അപേക്ഷിക്കണം.

(ബി) ആരുടെയാണോ ജനനതതീയതി തിരുത്തേണ്ടത് അയാൾ എസ്.എസ്.എൽ.സി പാസ്സായി കഴിഞ്ഞിട്ടുണ്ടെങ്കിൽ അയാൾ തന്നെ അപേക്ഷിക്കണം.

**അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം**

ജോയിന്റ് കമ്മീഷണർ,
പരീക്ഷഭവൻ,പൂജപ്പുര,
തിരുവനന്തപുരം- 695 012

5. **അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.**

1. 500 രൂപ ഫീസടച്ചതിന്റെ ഒറിജിനൽ ചെലാൻ രസീത് (ഹെഡ് ഓഫ് അക്കൗണ്ട് 0202-01-102- 92-other receipts).

2. വില്ലേജാഫീസിൽ നിന്നുള്ള ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് (ഫാറം അപേക്ഷയോടൊപ്പം തന്നിട്ടുണ്ട് (അനുബന്ധം-3)

3. നോട്ടറി വക്കീലിന്റെ സമക്ഷത്ത് ഒപ്പുവച്ച സത്യവാങ്മൂലം (അഫിഡവിറ്റ്)

   (എ) സ്ക്കൂളിൽ പഠിക്കുന്ന കുട്ടിയുടെ ജനനത്തീയതിയാണ് തിരുത്തേണ്ടതെങ്കിൽ രക്ഷാക്കർത്താവ് സത്യവാങ്മൂലത്തിൽ ഒപ്പിടണം. (അനുബന്ധം 2)

   (ബി) അപേക്ഷകൻ എസ്.എസ്.എൽ.സി. പാസ്സായെങ്കിൽ സത്യവാങ്മൂലം അയാൾതന്നെ ഒപ്പിടണം (അഫ്ഡവിറ്റ് നമ്പർ 1)

4. ആരുടെയാണോ ജനനത്തീയതി തിരുത്തേണ്ടത് അയാളുടെയും സഹോദരങ്ങളുടെയും ഒറിജിനൽ ജനന സർട്ടിഫിക്കറ്റ്.

5. ആരുടെയാണോ ജനനത്തീയതി തിരുത്തേണ്ടത് അയാൾ പഠിച്ച എല്ലാ സ്ക്കൂളുകളിൽ നിന്നുമുള്ള സ്ക്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്റ്റ്.

6. അപേക്ഷകന്റെ എസ്.എസ്.എൽ.സി. (അസ്സൽ)

7. ജനനത്തീയതി തിരുത്തേണ്ടയാളുടെ സഹോദരങ്ങൾ എസ്.എസ്.എൽ.സി പാസ്സായിട്ടുണ്ടെങ്കിൽ അവരുടെ എസ്.എസ്.എൽ.സി. യുടെ അറ്റസ്റ്റഡ് കോപ്പി ഇല്ലെങ്കിൽ പഠിച്ച ഏതെങ്കിലും സ്ക്കൂളിലെ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്റ്റ്.

8. അപേക്ഷകൻ പഠിച്ച സ്ക്കൂളുകളുടെ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ്.

9. ഒറിജിനൽ ജനന സർട്ടിഫിക്കറ്റുകൾ, പരീക്ഷഭവനിൽ നിന്നും ഉത്തരവിനോടൊപ്പം തിരിച്ചുനൽകുന്നതാണ്. ഇതിനായി അപേക്ഷകൻ പ്രത്യേക അപേക്ഷയും സർട്ടിഫിക്കറ്റുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും ജനനത്തീയതി തിരുത്താനുള്ള

അപേക്ഷയോടൊപ്പം വച്ചിരിക്കണം. എന്നാൽ ജനനത്തീയതി തിരുത്തി കിട്ടേണ്ടയാൾക്ക് ജോലിയുണ്ടെങ്കിൽ ഒറിജിനൽ ജനനസർട്ടിഫിക്കറ്റ് തിരിച്ചുനലകുന്നതല്ല.

**<u>സമർപ്പിക്കുന്ന അപേക്ഷയിൽ മേൽപ്പറഞ്ഞ രേഖകൾ ഇല്ലെങ്കിൽ തിരിച്ചയക്കുന്നതാണ്</u>**

10. ആരുടെയാണോ ജനനത്തിയതി തിരുത്തേണ്ടത് അയാൾക്ക് ജോലിയുണ്ടെങ്കിൽ അതിന്റെ വിശദവിവരം അപേക്ഷയിൽ കാണിക്കണം. ജോലിയില്ലെങ്കിൽ അപേക്ഷയിൽ ഇതിനായുള്ള കോളത്തിൽ unemployed എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഈ നിബന്ധന സർക്കാർ/അർദ്ധസർക്കാർ, സ്വകാര്യമേഖല എന്നിവയ്ക്ക് ഒരുപോലെ ബാധകമാണ്.

11. അപേക്ഷയോടൊപ്പം നൽകുന്ന വിലപ്പെട്ട രേഖകൾ നഷ്ടപ്പെടാത്തിരിക്കുന്നതിനായി കുത്തിക്കെട്ടുയോ ടാഗ് ചെയ്യുകയോ വേണം. അപേക്ഷയോടൊപ്പമുള്ള രേഖകൾ സ്റ്റാപ്ലർ ചെയ്യുകയോ പിൻചെയ്യുകയോ അരുത്.

**<u>ക്ലറിക്കൽ എറർ</u>**

കുട്ടിയെ ശരിയായ ജനനത്തീയതി കാണിച്ചുതന്നെ സ്ക്കൂളിൽ ചേർക്കുകയും സ്ക്കൂൾ അധികൃതരുടെ തെറ്റുമൂലം ജനനത്തീയതി സ്ക്കൂൾ രജിസ്റ്ററുകളിൽ തെറ്റായി രേഖപ്പെടുത്തുകയും ചെയ്താൽ 500/- രൂപ ഫീസ് അടയ്ക്കാതെ തന്നെ ജനനത്തീയതി ജോയിന്റ് കമ്മീഷണറുടെ ഉത്തരവുമൂലം തിരുത്താവുന്നതാണ്. ഇതിനായി സമർപ്പിക്കേണ്ട രേഖകൾ:

(1) 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ.
(2) ക്ലറിക്കൽ എറർ സംഭവിച്ചത് സംബന്ധിച്ച ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട്.
(3) ഒന്നാം ക്ലാസ്സിൽ കുട്ടിയെ ചേർത്തപ്പോൾ ജനനത്തീയതി ശരിയായി തന്നെ അഡ്മിഷനുള്ള അപേക്ഷാഫാറത്തിൽ നൽകിയിട്ടുണ്ടെങ്കിൽ ഈ അപേക്ഷയുടെ ഒറിജിനൽ.
(4) സക്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്റ്റ്.
(5) ടി.സി (ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്) - യിലാണ് തെറ്റുപറ്റിയതെങ്കിൽ ടി.സി.യുടെ ഒറിജിനൽ.
(6) ആരുടെ ജനനത്തീയതിയാണോ തിരുത്തേണ്ടത് അയാളുടെ ഒറിജിനൽ ജനന സർട്ടിഫിക്കറ്റ്.

----------------------